Monthly Price Rs. 4/- 2009

# ബൈബിൾ ട്രൂത്ത്

"ദൈവ വചനം എന്ന
ആത്മാവിന്റെ വാൾ...
എടുക്കുക"

THE BIBLE TRUTH

**ദൈവം സത്യവാൻ എന്നും സകല മനുഷ്യരും ഭോഷ്ക്ക് പറയുന്നവരും എന്നേ വരൂ. റോമർ 3:3**

| വിശ്വാസ പ്രമാണം ആവശ്യമാണ് 'എങ്കിൽ'... | മനുഷ്യർക്ക് അധികാരം ഉണ്ട് 'എങ്കിൽ'... | ഏതെങ്കിലും പേർ മതി 'എങ്കിൽ'... | രക്ഷ സഭയ്ക്കു പുറത്ത് ഉണ്ട് 'എങ്കിൽ'... | നിങ്ങൾ രക്ഷ മാറ്റി വെക്കുന്നു 'എങ്കിൽ'... |
|---|---|---|---|---|
| 2 തിമൊ. 3:16<br>2 പത്രൊ. 1:3<br>2 യോഹ. 9<br>(X) എന്തുകൊണ്ട്?<br>മത്തായി 15:9<br>ഗലാ. 1:10 | മത്തായി 28:18<br>പ്രവൃത്തികൾ 3:22, 23<br>(X) എന്തുകൊണ്ട്?<br>ഗലാ. 1:6–8<br>എഫെ. 1:22, 23 | യെശ. 62:2<br>പ്രവൃത്തികൾ 11:26; 4:12<br>(X) എന്തുകൊണ്ട്?<br>യാക്കൊ. 2:7<br>1 പത്രൊ. 4:16 | പ്രവൃത്തികൾ 2:38<br>1 പത്രൊ. 3:21<br>(X) എന്തുകൊണ്ട്?<br>പ്രവൃത്തികൾ 22:16<br>റോമർ 6:4–6 | റോമർ 10:17<br>എബ്രാ. 11:6<br>11:31<br>(X) എന്തുകൊണ്ട്?<br>മത്തായി 10:32<br>ഗലാ. 3:27 |

# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 23** **January 2009** **No.10**

# എഡിറ്റോറിയൽ

ഒരു വർഷം നമ്മെ പിന്നിട്ടു പുതിയ വർഷത്തിലേക്കു പ്രവേശിച്ചിരിക്കുന്ന നാം എന്തെല്ലാമാണ് ഉപേക്ഷിച്ചത്? എന്തൊക്കെയാണ് പുതിയതു വാങ്ങിയതു? പുറമെയുള്ള പലതും ഉപേക്ഷിക്കയും പുറമെയുള്ളതു പലതും വാങ്ങിയും കാണും. ലൗകികമായതോ അല്ലെങ്കിൽ ഭൗതികമായതോ മാറ്റുന്നതു വലിയ കാര്യമല്ല. കഴിഞ്ഞ വർഷത്തെ ഓരോരുത്തരും അപഗ്രഥനം ചെയ്യാറുണ്ട്. എന്നിട്ട് സമൂഹത്തിൽ സംഭവിച്ചതിനേയും നാം വിലയിരുത്തണം. കഴിഞ്ഞ വർഷം നമ്മുടെ സമൂഹത്തെ നടുക്കിയ പല സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പാപപങ്കിലമായ ജീവിതം മിക്കവാറും രാജ്യങ്ങളിൽ വാണിരുന്നു എന്നു മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. വിവര സാങ്കേതിക വിദ്യയിൽ മുൻപന്തിയിൽ നില്ക്കുന്ന നമ്മുടെ കേരളത്തെ എടുത്താൽ വിദ്യാസമ്പന്നരും പരിഷ്കൃതരും ആയ ധാരാളം പേരുള്ള സംസ്ഥാനമാണ്. ഏതർത്ഥത്തിലും മലയാളി സമൂഹം ഉയർന്നിട്ടുണ്ട് എന്നഭിമാനിക്കുമ്പോൾ നമ്മെ ലജ്ജിപ്പിക്കുന്ന മനോഭാവങ്ങളും മലയാളികളിലുണ്ട് എന്നു കാണാം. അതിന്റെ കാരണവും പ്രതിവിധിയും കണ്ടെത്തേണ്ടതുണ്ട്. നിങ്ങളും ഞാനും ജീവിക്കുന്നതു ലോകത്തിലാണ്. ലോകത്തിൽ പലതും നമ്മെ വശീകരിക്കുന്നുണ്ട്. ആ വശീകരണത്തിൽ മിക്കപേരും അകപ്പെടുന്നു. തിരിച്ചറിവിന്റെ വ്യത്യാസം കൊണ്ടോ അല്ലെങ്കിൽ അജ്ഞതകൊണ്ടോ മനുഷ്യർ തെറ്റു ചെയ്യുന്നു. അതിന്റെ അനന്തരഫലത്തെ കുറിച്ചു ചിന്തിക്കുന്നില്ല.

അതുകൊണ്ട് അതു അവരെ മാത്രമല്ല, മറ്റുള്ളവരെയും ബാധിക്കുന്നു എന്നോർക്കണം.

മലയാളിയുടെ ജീവിതത്തെ ഗ്രസിച്ചിരിക്കുന്ന രതി വൈകല്യങ്ങൾ. അവിഹിതമായ ബന്ധങ്ങൾ സ്ത്രീ പുരുഷന്മാരിൽ പണ്ടും ഉണ്ടായിട്ടുണ്ട്. പക്ഷെ അതിൽ നിന്നു വ്യത്യസ്തമായി കഴിഞ്ഞ വർഷം നടന്ന പീഡനങ്ങളുടെ കഥ വേദനിപ്പിക്കുന്നതാണ്. പ്രായപൂർത്തിയാകാത്തവരെയും കൊച്ചു ബാലികമാരെയും പീഡിപ്പിച്ചു കൊന്ന സംഭവങ്ങൾ നിരവധിയാണ്. പണ്ട് സോദോമിലും ഗൊമോറയിലും ആണോടു ആണ് അവലക്ഷണമായി ജീവിച്ചു, പെണ്ണോടു പെണ്ണ് അവലക്ഷണമായി പെരുമാറിയിരുന്നു. പക്ഷെ അതിൽ നിന്നു ഏറെ പൈശാചിക പ്രവർത്തനങ്ങളിലേക്കാണ് മനുഷ്യൻ പൊയ്ക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ മനുഷ്യന്റെ ജീവിതരീതി, സ്ത്രീകളുടെ വസ്ത്രധാരണം, മാദ്ധ്യമങ്ങളുടെ അതിപ്രസരം എല്ലാം തന്നെ ആളുകളുടെ ജീവിതത്തെ ബാധിക്കുന്നു. തെറ്റായ വികാരങ്ങളും വികാര പ്രകടനങ്ങളും അങ്ങനെ ശീലമാക്കുവാൻ ജോലിയില്ലാത്തവരിൽ ഈ പ്രവണത അധികമായി കണ്ടേക്കാം. പാപത്തിന്റെ താല്ക്കാലിക സുഖത്തെ മാത്രം ചിന്തിക്കുന്നവരാണിവർ. ചിലർ വിചാരിക്കുന്നതു അവർ മാനസികരോഗികളാണെന്നാണ്. ആത്മനിയന്ത്രണം നടത്തുവാൻ അവർക്കു കഴിയുന്നില്ല എന്നതാണ് വാസ്തവം. അവരെ പരിശോധിച്ചാൽ അവരുടെ ജീവിതപശ്ചാത്തലം ഒരു കാരണമായി കണ്ടെത്തിയേക്കാം. യഥാർത്ഥമായ സ്നേഹമോ കരുതലോ ഇവർക്കു ലഭിക്കുന്നില്ല എന്നു കാണാം. മാതാപിതാക്കളിൽ നിന്നു, സ്വന്ത കുടുംബത്തിൽ നിന്നു അവർക്കു ലഭിക്കേണ്ടതായ സ്നേഹം കിട്ടുന്നില്ല. തന്നെയുമല്ല, അവരെ ഓരോ ഉത്തരവാദിത്വം ഏല്പിച്ചു ചെയ്യിക്കുന്നുമുണ്ടാവില്ല. ഇങ്ങനെ പല കാരണങ്ങൾ കൊണ്ട് അവരുടെ സ്വഭാവത്തെ വൈകൃതമാക്കി മാറ്റുന്നു. ക്രിയാത്മകമായ പ്രവർത്തനങ്ങളിലേക്ക് അവരുടെ മനസ്സിനെ തിരിച്ചു വിടുവാൻ വീട്ടിലുള്ളവർ ശ്രമിക്കണം, അങ്ങനെ ചെയ്താൽ അവരുടെ ചിന്ത നേർവഴിക്കു തിരിയും. തെറ്റായ രീതിയിൽ ചിന്തിക്കുവാൻ അവർക്കു സമയം കിട്ടാതെ വന്നാൽ ആ വഴിക്ക് പിന്നെ അവർ തിരിയാതിരിക്കും.

ഒരു പാപം ചെയ്യുന്ന ആൾക്ക് തുടർന്നു ഓരോന്നായി ചെയ്യു

വാൻ നിർബ്ബന്ധിതരാകുന്നതു സ്വാഭാവികമാണ്. ഉടനെ മാനസാന്തരപ്പെട്ടില്ലെങ്കിൽ ഹൃദയം കഠിനപ്പെട്ടുപോകും എന്നതാണ് കാരണം. നടന്നിട്ടുള്ള പാപസംഭവങ്ങൾ പരിശോധിച്ചാൽ അതു വാസ്തവമാണെന്നു തെളിയും. യുവാക്കൾ തീവ്രവാദികളാകുന്നതും കൊല ചെയ്യുവാൻ നിർബ്ബന്ധിതരാകുകയും ചെയ്യുന്നതും നമ്മുടെ സമൂഹത്തിൽ വളർന്നു വരുന്ന പ്രതിഭാസമാണ്. പാപത്തിന്റെ തീവ്രതയാണ് അതു കാണിക്കുന്നത്. തിന്മയെ തിന്മ കൊണ്ട് എതിർക്കുവാൻ ശ്രമിക്കുന്നവരുണ്ട്. എന്നാൽ മനുഷ്യരുടെ വിദ്വേഷവും പകയും വൈരാഗ്യവും പ്രകടിപ്പിക്കുന്നത് നിരപരാധികളോടാണ് എന്നതു മനുഷ്യത്വരഹിതം തന്നെയാണ്. അക്രമം സ്ത്രീകളോടായാലും പുരുഷന്മാരോടായാലും കുട്ടികളോടായാലും അതു ഒരു പ്രശ്നത്തിനും പരിഹാരമല്ല എന്നോർക്കണം. നന്മ വരേണ്ടതിനു നന്മ മാത്രമേ ചെയ്യാവൂ. സമാധാനം ലഭിക്കണമെങ്കിൽ സമാധാനപൂർവ്വമായി പ്രവർത്തിക്കണം. ഭൂമിയിലെ മനുഷ്യന്റെ ജീവിതം ഭൗതിക ഉദ്ദേശ നിവർത്തീകരണത്തിനു മാത്രമാണെന്ന ചിന്ത എല്ലാവരിൽ നിന്നും മാറണം. അതിനു ഭൗതിക വിദ്യാഭ്യാസമോ സൗകര്യമോ സംസ്ക്കാരമോ, രാഷ്ട്രീയ ബോധമോ മാത്രം പോരാ. ആത്മീയമായ അവബോധം ആവശ്യമാണ്. അതിനു ദൈവിക പരിജ്ഞാനം നേടണം. തിരുവെഴുത്തുകൾ ബാല്യം മുതൽ ആൺകുട്ടികളും പെൺകുട്ടികളും വായിച്ചു ദൈവഭക്തിയിൽ വളരണം. ദൈവം അരുളിച്ചെയ്തിരിക്കുന്ന വചനങ്ങൾ പ്രാവർത്തികമാക്കുകയാണെങ്കിൽ മനുഷ്യർക്കിടയിൽ അസമത്വമോ, സ്നേഹക്കുറവുകൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളോ പീഢനങ്ങളോ, അക്രമങ്ങളോ ഉണ്ടാകുകയില്ല. ദൈവനിയമത്തെ മാനിക്കാതെ ജീവിക്കുന്ന ആളുകളാണ് ഇത്തരം സ്വഭാവ വൈകൃതങ്ങൾക്കിരയാകുന്നത്. അതുകൊണ്ട് ഏതൊരു രാജ്യത്തിനും ഇന്നും എന്നും ആവശ്യം ദൈവവചന പരിജ്ഞാനവും ദൈവിക രക്ഷയുമാണ്. ആത്മാവിന്റെ രക്ഷയാണ് പരമ പ്രധാനം. ഈ ഒരറിവും പ്രവർത്തിയും ആളുകളെയും അവരുടെ ജീവിതത്തെയും മാറ്റും. അതിനു ഈ വർഷം ഓരോരുത്തരെയും ദൈവം പ്രാപ്തമാക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

# സഭയുടെ ആരംഭം എവിടെ

## J.C. ചോട്ട്

ലോകത്തിൽ അനവധി സഭകൾ ഉണ്ടെങ്കിലും ബൈബിളിൽ ഒരേ ഒരു സഭയാണുള്ളത് (എഫെസ്യർ 4:4). ഏതാണ് ശരിയായ ഒന്ന്? സഭ എപ്പോൾ ആരംഭിച്ചു, എങ്ങനെ ആരംഭിച്ചു എന്നു തുടങ്ങിയ ധാരാളം തിരിച്ചറിയാനുള്ള അടയാളങ്ങൾ ഉണ്ട്. കർത്താവിന്റെ സഭ ഏതെന്നു തിരിച്ചറിയാനുള്ള വഴികളിൽ ഒന്ന്, അതെവിടെ ആരംഭിച്ചു എന്നു കണ്ടെത്തുകയാണ്. ഓരോ സഭയ്ക്കും അതുണ്ടാകും. ബൈബിളിലെ ഏക സഭയ്ക്കും ഒരു ആരംഭമുണ്ട്.

കർത്താവിന്റെ രാജ്യം വരുന്നതിനെ കുറിച്ച് പഴയ നിയമ പ്രവാചകന്മാർ സംസാരിച്ചിട്ടുണ്ട്. "അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകി ച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2-3).

കർത്താവിന്റെ ആത്മിയ രാജ്യമാകുന്ന സഭയുടെ സ്ഥാപനത്തെ കുറിച്ചുള്ള പ്രവചനമായിരുന്നു അത്. അന്ത്യകാലത്താണ് അതു വരുന്നതെന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. അതു നടക്കുന്നതു യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയ്ക്കു ശേഷമാണ്. അതു പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. കർത്താവിന്റെ ആലയത്തെ, തന്റെ ഭവനം, സഭ എന്നിങ്ങനെ വിവിധ രൂപത്തിൽ വിശദീകരിച്ചിട്ടുണ്ട്. പർവ്വതങ്ങളുടെ ശിഖരം എന്നതു യെരുശലേമിനെ സൂചിപ്പിച്ചിരിക്കയാണ്. സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും എന്നുകൂടെ അരുളിച്ചെയ്തിട്ടുണ്ട്. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു കർത്താവിന്റെ വചനവും പുറപ്പെടും എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ക്രിസ്തു മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റശേഷം തന്റെ അപ്പൊസ്തലന്മാർക്കു പ്രത്യക്ഷനായി പറഞ്ഞതെന്തെന്നാൽ: ഇതാകുന്നു ഞാൻ നിങ്ങളോടു കൂടെയിരിക്കുമ്പോൾ ഞാൻ പറഞ്ഞ വാക്ക്. മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെ കുറിച്ചു എഴുതിയിരിക്കുന്നതു ഒക്കെയും നിവർത്തിയാകേണം എന്നുള്ളതു തന്നെ എന്നു പറഞ്ഞു. തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനു അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടം അനുഭവിക്കയും മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരുശലേമിൽ തുടങ്ങി സകല ജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു. ഇതിനു നിങ്ങൾ സാക്ഷികൾ ആകുന്നു. തന്റെ സ്വർഗ്ഗാരോഹണത്തിനു മുൻപ് യേശു അപ്പൊസ്തലന്മാരോടു പറയുകയുണ്ടായി: എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (പ്രവൃത്തി 1:8).

അപ്പൊസ്തല പ്രവർത്തികൾ ഒന്നും രണ്ടും അദ്ധ്യായങ്ങൾ വായിച്ചാൽ, ക്രിസ്തുവിന്റെ ഉയിർപ്പിനുശേഷം അപ്പൊസ്തലന്മാർ യെരുശലേമിൽ കൂടിയിരുന്നതായി നാം കാണുന്നു. അതു പെന്തെകൊസ്തു നാളിലായിരുന്നു. യെരുശലേമിൽ പെന്തെകൊസ്തു പെരുന്നാൾ ആഘോഷിപ്പാൻ ലോകത്തിലെങ്ങുമുള്ള യെഹൂദന്മാർ കൂടി വന്നിരുന്നു. പരിശുദ്ധാത്മാവ് അപ്പൊസ്തലന്മാരിൽ പകരുകയും അവർ അവിടെ കൂടിവന്നവരുടെ ഭാഷകളിൽ സംസാരിക്കയും ചെയ്തു. യേശുക്രിസ്തുവിനെ കുറിച്ചായിരുന്നു പ്രസംഗം. അന്നു അവിടെ കൂടിയിരുന്ന 3, 000 പേർ വചനം കേട്ടു വിശ്വസിച്ചു, മാനസാന്തരപ്പെട്ടു, സ്നാനപ്പെടുകയും ചെയ്തു. കർത്താവു രക്ഷിക്കപ്പെടുന്നവരെ ദിനമ്പ്രതി സഭയിലേക്കു ചേർക്കുകയും ചെയ്തു (പ്രവൃത്തി 2:47).

അങ്ങനെ എ.ഡി. 33-ൽ യെരുശലേമിൽ സഭ ആരംഭിച്ചു. സുവിശേഷം അവിടെ നിന്നും വ്യാപിച്ചു ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്കു എത്തുകയും ചെയ്തു.

പക്ഷെ 6-ാം നൂറ്റാണ്ടായതോടുകൂടെ കർത്താവിന്റെ സഭകൾ ഭൂരിഭാഗവും വീണുപോയി എന്നു പറയാം. തുടർന്നു കത്തോലിക്കാ സഭ എന്നു അറിയപ്പെടാൻ തുടങ്ങി. പിന്നീട് റോമാ, ഗ്രീക്ക്, ഓർത്ത ഡോക്സ് എന്നീ പിരിവുകൾ ഉണ്ടായി. ആയിരത്തി അഞ്ഞൂറു വർഷ ങ്ങൾക്കുശേഷം മാർട്ടിൻ ലൂഥർ കത്തോലിക്കാ സഭയെ നവോത്ഥ രിക്കാൻ ഒരു ശ്രമം നടത്തി. അതിന്റെ ഫലമായി പ്രൊട്ടസ്റ്റന്റ് എന്ന റിയപ്പെടാൻ തുടങ്ങി. അതിനുശേഷം ഓരോന്നോരോന്നായി പിരിഞ്ഞു ഇന്നു കാണുന്ന അനേക നാമധേയ വിഭാഗങ്ങൾക്കു കാര ണമായി തീർന്നു.

പക്ഷേ യെരുശലേമിൽ തുടങ്ങിയ സത്യസഭയ്ക്കു എന്തു സംഭ വിച്ചു? ലോകത്തിൽ അവിടവിടെയായി കുറെ പേർ കർത്താവിന്റെ വചനത്തിൽ വിശ്വസ്തരായി നിലകൊണ്ടിരുന്നു. അതു മാത്രമല്ല ലോകം ഉള്ള കാലത്തോളം സഭ നിലനില്ക്കും എന്നതു മറക്കാതി രിക്കുക. നിത്യതവരെ നിലനില്ക്കുന്ന ഒന്നാണ് കർത്താവിന്റെ സഭ (ദാനിയേൽ 2:44; 1 കൊരിന്ത്യർ 15:24). യെരുശലേമിനു പുറത്ത് ആരം ഭിച്ച സഭയൊന്നും കർത്താവിന്റേതല്ല. പ്രിയ സ്നേഹിതരേ, നിങ്ങ ളുടെ സഭ എവിടെ തുടങ്ങി? നിങ്ങൾ ബൈബിളിലെ ഏക സഭ യിൽ അംഗമായി തീരാൻ ശ്രമിക്കുക.

★

## കുരിശ്

### Evg. ബാബു ജോസഫ്

റോമാ സാമ്രാജ്യത്തിൽ മരണശിക്ഷയ്ക്കു വിധിക്കുന്ന കുറ്റവാ ളിയെ കൊല്ലുവാൻ ഉള്ള ഉപകരണമാണ് കുരിശ്. (ഇൻഡ്യയിൽ തൂക്കികൊല്ലുന്നതിനു കയർ ഉപയോഗിച്ചതുപോലെ) യേശുവിനെ കുരിശിൽ തറച്ചു എന്നുള്ളത് സത്യം തന്നെ. എന്നാൽ യേശുവിനു പ്രത്യേകമായി ഒരു കുരിശ് ഉണ്ടാക്കിയിട്ടുണ്ടോ?

ക്രിസ്തീയ സഭാ വിഭാഗങ്ങളിൽ ചിലർ പ്രാർത്ഥിക്കുമ്പോഴും മറ്റും കുരിശ് വരയ്ക്കുന്നത് കാണുമ്പോൾ കുരിശിനെ ഒരു 'ആരാധ്യ വസ്തുവാക്കിയിരിക്കുന്നു എന്നു കാണാം. കുരിശു വരയ്ക്കുക, അതിന്റെ മുമ്പിൽ കുമ്പിടുക, കഴുത്തിൽ തൂക്കിയിടുക, കവല

കൾതോറും സ്ഥാപിക്കുക, ചുമന്നുകൊണ്ട് നടന്നു പ്രദക്ഷിണം ചെയ്യുക, തിരി കത്തിക്കുക, മുത്തുക, വസ്ത്രം ധരിപ്പിക്കുക, പുരോഹിതന്മാർ കുരിശ് തൊടുവിച്ച് അനുഗ്രഹിക്കുക എന്നിവയെല്ലാം കുരിശിനെ ആരാധിക്കുന്നു അഥവാ ആരാധ്യ വസ്തുവാക്കി എന്നതിന്റെ തെളിവുകളാണ്.

ഇന്നു കാണുന്ന കുരിശ് ആരുടേതാണ്? യേശുവിന്റേയോ, അതോ തന്നോടുകൂടെ ക്രൂശിച്ചിരുന്ന കള്ളന്മാരുടെയോ? ഏതൊരു പ്രതിമയും, രൂപവും വിഗ്രഹമാണ്. വിഗ്രഹാരാധന പാപമാണ്. കുരിശിനു പ്രാധാന്യം കൈവന്നത് യേശുവിന്റെ ക്രൂശുമരണത്തോടെയാണെന്നുള്ളത് വാസ്തവം തന്നെ. അതുകൊണ്ട് ക്രൈസ്തവരുടെ ഒരു ചിഹ്നമായോ, അടയാളമായോ കുരിശിനെ കാണുന്നതിൽ തെറ്റില്ല. എന്നാൽ കുരിശ് ഒരിക്കലും ആരാധ്യ വസ്തുവല്ല. ബൈബിൾ സെമിനാരികളിൽ അങ്ങനെ പഠിപ്പിക്കുന്നു എങ്കിൽ അവർ വചനത്തിൽ മായം ചേർത്ത് കുരിശിനെ ഒരു വിൽപന ചരക്കാക്കുകയാണ്. കുരിശ് വരയ്ക്കുന്നതുകൊണ്ടോ, എണ്ണ പുരട്ടിയതുകൊണ്ടോ ഒരു പാപിക്കു പാപബോധമോ, പാപമോചനമോ ലഭിക്കയില്ല.

## ബൈബിൾ പറയുന്നു

"ജാതികളുടെ ... ഒരുവൻ കാട്ടിൽ നിന്നു വെട്ടികൊണ്ടുവന്ന മരവും ആശാരി വാച്ചികൊണ്ടു ചെയ്ത പണിയും അത്രേ. അവർ അതിനെ വെള്ളിയും പൊന്നും അലങ്കരിക്കുന്നു. അത് ഇളകാതെ ഇരിയ്ക്കേണ്ടതിനു അവർ അതിനെ ആണിയും ചുറ്റികയും കൊണ്ട് ഉറപ്പിക്കുന്നു. അവ വെള്ളരിത്തോട്ടത്തിലെ തൂണിപോലെയാകുന്നു. അവയെ ചുമന്നുകൊണ്ടു പോകണം."

"കണ്ടില്ലേ അവർ ചുള്ളി മൂക്കിനു തൊടുവിക്കുന്നത്.... ആകയാൽ ഞാനും ക്രോധത്തോടെ പ്രവർത്തിക്കും" (യിരെ 10:3-5, യെഹ 8:17, 18).

കളിമൺ പ്രതിമകളിൽ ദൈവ ശക്തിയില്ല. കൽകുമ്പാരങ്ങളിൽ തീർക്കുന്ന രൂപങ്ങൾ ക്രിസ്തുവിന്റേതുമല്ല. കടലാസ് വിളക്കിൽ ക്രിസ്തു ജനിക്കുന്നില്ല; കോൺക്രീറ്റ് കുരിശിൽ ക്രിസ്തു മരിക്കുന്നതുമില്ല. യേശു ജനിക്കേണ്ടതും ക്രൂശുമരണം അനുഭവമാകേണ്ടതും മനുഷ്യന്റെ ഹൃദയങ്ങളിലാണ്. യേശുവിന്റെ കുരിശിലല്ല; ക്രൂശിക്കപ്പെട്ട ക്രിസ്തുവിൽ വിശ്വസിക്കുക. അവനെ അനുസരിക്കുക.

✶

# സത്യത്തിനുവേണ്ടി നിലകൊള്ളുക

### ജിമ്മി ജിവിടെൻ

സത്യം പറയണമെന്നും സത്യത്തിനു വിലയുണ്ടെന്നും നാം പലപ്പോഴും പറഞ്ഞു കേൾക്കാറുണ്ട്. കാരണം ആളുകൾ സത്യത്തെ ഇഷ്ടപ്പെടുന്നു എന്നാണ് ഇതിന്റെ സൂചന. എന്നാൽ എപ്പോഴും സത്യത്തിൽ നിലനില്ക്കുവാനും സത്യത്തിനുവേണ്ടി പോരാടാനും പലർക്കും കഴിയാറില്ല എന്നതാണ് വാസ്തവം. പണ്ടത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും അതുപോലെ തന്നെയാണ്. ഇസ്രായേൽ ജനതയെ മോശെ കനാൻ ദേശത്തേക്കു കൊണ്ടുപോകുമ്പോൾ, അവിടെ പ്രവേശിക്കുന്നതിനു മുൻപ് ഒരു പ്രബോധനം നല്കിയിരുന്നു. "നിങ്ങളുടെ ദൈവമായ യഹോവ നിങ്ങളോടു കല്പിച്ചതുപോലെ ചെയ്‌വാൻ ജാഗ്രതയുള്ളവരായിരിപ്പിൻ; ഇടത്തോട്ടെങ്കിലും വലത്തോട്ടെങ്കിലും മാറരുത്" (ആവർത്തനപുസ്തകം 5:32).

ദൈവം തിരഞ്ഞെടുത്ത ജനമായിരുന്നല്ലോ യെഹൂദന്മാർ. അവർക്കു ദൈവത്താൽ നല്കപ്പെട്ട ഒരു സത്യത്തിന്റെ ഘടന ഉണ്ടായിരുന്നു. അവർ മറ്റൊരു ദേശത്തേക്കു പോകുവാനിരിക്കുന്നതുകൊണ്ടു അവിടത്തുകാരുടെ സംസ്കാരവും ആചാരവും ഇവരിൽ കടന്നുവരാനിടയുണ്ടായിരുന്നതുകൊണ്ടാണ് അത്തരം ഒരു നിർദ്ദേശം കൊടുത്തത്. അവർ സത്യത്തിൽ നിന്നു വ്യതിചലിക്കരുത് എന്നു ദൈവം ആഗ്രഹിച്ചിരുന്നു. ദൈവത്തിന്റെ കല്പനകൾ അനുസരിക്കുന്നേടത്തോളം അവർക്കു കുഴപ്പമൊന്നുമില്ല. എന്നാൽ സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്തു ദൈവ കല്പനയെ നിരസിച്ചാൽ അവരുടെ അവിശ്വസ്ഥത നിമിത്തം അനുഗ്രഹങ്ങൾ വഴി മാറിപോകും എന്നതായിരുന്നു കാരണം.

വിശ്വാസ ത്യാഗം അഥവാ വിശ്വാസത്തിൽ നിന്നുള്ള അകൽച്ചയാണ് സത്യത്തിനു വിട്ടുവീഴ്ച്ച് ചെയ്യുമ്പോൾ സംഭവിക്കുന്നതു. ആ സമയത്തേക്കു അവരുടെ വിശ്വാസം മാറ്റി നിർത്തുന്നു. എന്തിനു വേണ്ടിയാണ്? തെറ്റു ചെയ്യുവാനായിട്ടാണ് അവർ അങ്ങനെ ചെയ്യുന്നത്.

✶

# എവിടെ ക്രിസ്ത്യാനികൾ ഏറ്റവും കൂടുതൽ വളരുന്നു?

## ഗ്ലെൻ കോളെ

അതു നിമിത്തം ഞാൻ വന്നെത്തിയാൽ ഇടിച്ചു കളവാനല്ല പണിവാനത്രെ കർത്താവു തന്ന അധികാരത്തിനു തക്കവണ്ണം ഖണ്ഡിതം പ്രയോഗിക്കാതിരിക്കേണ്ടതിനു ഇതു എഴുതുന്നു (2 കൊരിന്ത്യർ 13:10). അവനിൽ വേരുന്നിയും ആത്മിക വർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചു തന്നതിനു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ (കൊലൊസ്സ്യർ 2:7).

ക്രിസ്ത്യാനിയുടെ വളർച്ച ഏതെല്ലാം സാഹചര്യങ്ങളിലാണ്? ഏറ്റവും നന്നായി ആത്മിക വളർച്ച നേടാൻ കഴിയുന്നത് ഏതു സന്ദർഭത്തിലാണ് എന്നു മനസ്സിലാക്കേണ്ടതുണ്ട്. ദൈവത്തിന്റെ വചനമാണ് അതറിയുവാൻ നാം പരിശോധിക്കേണ്ടത്. വളർച്ച ആഗ്രഹിക്കാത്തവർ ആരുമില്ലല്ലോ. പക്ഷെ ഭൗതികമായ വളർച്ചയേക്കാൾ നാം പരമ പ്രധാനമായി കണക്കിലെടുക്കേണ്ട ഒന്നാണ് ആത്മിക വളർച്ച. നിത്യമായി പ്രയോജനപ്പെടുന്ന ഈ വളർച്ചയുടെ വിവിധ മേഖലകൾ നമുക്കു നോക്കാം.

## ക്രിസ്ത്യാനികളുടെ വളർച്ച ഏറ്റവും നന്നായിരിക്കുന്നതു സമാധാനാന്തരീക്ഷത്തിൽ

ക്രിസ്ത്യാനികളെ വെറുത്തതുകൊണ്ടു അവരെ ഉപദ്രവിച്ചു വന്ന ശൗൽ മാനസാന്തരപ്പെട്ടു സ്നാനമേറ്റു കർത്താവിന്റെ സഭയോടു ചേർന്ന ശേഷം നടക്കുന്ന സംഭവങ്ങൾ നമുക്കു നോക്കാം. ആ കാലത്തു ജീവിച്ചിരുന്ന ക്രിസ്ത്യാനികളുടെ ജീവിതം ഇതു വെളിപ്പെടുത്തുന്നുണ്ട്. ഏതൊരു ക്രിയാത്മകമായ പ്രവർത്തനത്തിനും ശക്തമായ മനസും ആരോഗ്യവും ആവശ്യമാണ്. അതേ പോലെ മനസ്സിനു സ്വസ്ഥതയും സമാധാനവും ഉണ്ടാകുമ്പോൾ നമുക്കു ശ്രദ്ധേയമായി പ്രവർത്തിക്കാൻ കഴിയും. ആത്മിയമായും അതു വാസ്തവമാണ്. പുതിയ നിയമ കാലയളവ് ആ ദൃഷ്ടാന്തത്തെ വെളിപ്പെടുത്തുന്നു. ഉദാഹരണമായി പ്രവൃത്തി 9:31-ൽ പറയുന്നതു: അങ്ങനെ യെഹൂദ്യ, ഗലീല, ശമര്യ എന്നീ ദേശങ്ങളിൽ ഒക്കെയും

സഭെക്കു സമാധാനം ഉണ്ടായി, അതു ആത്മിക വർദ്ധന പ്രാപിച്ചും കർത്താവിനോടുള്ള ഭക്തിയിലും പരിശുദ്ധാത്മാവിന്റെ പ്രബോധനയിലും നടന്നും പെരുകിക്കൊണ്ടിരുന്നു എന്നത്രെ. സത്യം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതാണ് കർത്താവിന്റെ ശരീരത്തിൽ സമാധാനത്തേക്കാൾ വലുത് എന്നു പറയാം. പക്ഷെ സത്യത്തിനെതിരായ വെല്ലുവിളി ഉയരുമ്പോൾ നാം അതിനെ ചെറുക്കേണ്ടതാണ്. വിശ്വാസത്തിനുവേണ്ടി പോരാടണം എന്നു യൂദയുടെ ലേഖനം മൂന്നാം വാക്യത്തിൽ നാം വായിക്കുന്നുണ്ട്. അങ്ങനെ വരുമ്പോൾ സമാധാനത്തിന്റെ മാധുര്യം സഹോദരന്മാരിൽ നിന്നു നീങ്ങപ്പെടും എന്നു പറയാം. ആർക്കും അതു ഇഷ്ടമാകുകയില്ല. എന്നാൽ സമാധാനത്തിനു വേണ്ടി സത്യത്തെ ബലി കഴിച്ചാൽ വാസ്തവത്തിൽ നമുക്കു അതിൽ നിന്നു പറയത്തക്ക പ്രയോജനം ലഭിക്കുകയില്ല. താല്ക്കാലിക സമാധാനമോ അതു പൊയ്പോകയും ചെയ്യും.

സമാധാനത്തിനു വലിയ വിലയുണ്ടെന്നതു ശ്രദ്ധയോടെ തിരിച്ചറിയേണ്ട ഒന്നാണ്. ക്രിസ്ത്യാനികൾ ആത്മികമായി വളരണം. അതിനു സഭയിൽ സമാധാനാന്തരീക്ഷം ഉണ്ടാകണം. സഭയിൽ പ്രശ്നങ്ങൾ കടന്നു വരുമ്പോൾ സമാധാനം അകലുന്നു. ആത്മിക വർദ്ധനവിനു പകരം അപ്പോൾ തളർച്ചയായിരിക്കും അനുഭവപ്പെടുക. അപ്പൊസ്തലൻ റോമയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു കൊടുക്കുന്ന നിർദ്ദേശം വായിക്കുക. "ആകയാൽ നാം സമാധാനത്തിനും അന്യോന്യം ആത്മിക വർദ്ധനെക്കും ഉള്ളതിനു ശ്രമിച്ചുകൊൾക" (റോമർ 14:19).

## പത്ഥ്യോപദേശാന്തരീക്ഷത്തിൽ ക്രിസ്ത്യാനികൾക്കു നന്നായി വളരുവാൻ കഴിയുന്നു

ചില വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിലും ഉപദേശത്തെ കുറിച്ചു കരുതാത്ത സഭകളാണ് വളരുന്നതെന്ന തെറ്റായ ഒരു വിശ്വാസം പ്രചരിച്ചു വന്നിട്ടുണ്ട്. അതു ഖേദകരമാണ്. അതു വാസ്തവമല്ല എന്നതാണ് ശരി. സാമൂഹ്യതയിലോ എണ്ണപ്പെരുപ്പത്തിലോ അല്ല ശരിയായ വളർച്ച. അതിനേക്കാൾ മുഖ്യമായ മറ്റു കാര്യങ്ങളിലാണ് വളരേണ്ടത്. കർത്താവിലുള്ള വിശ്വാസത്തെയും ശരിയായ ജീവിതത്തെയും കുറിച്ചു അന്യോന്യം സംസാരിക്കയും എഴുതുകയും

പ്രോൽസാഹിപ്പിക്കയും ചെയ്യണം. അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവ വ്യവസ്ഥക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടു കഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധിക്കരുതെന്നും ചിലരോടു ആജ്ഞാപിക്കേണ്ടതിനു നീ എഫെസൊസിൽ താമസിക്കേണം. മക്കെദൊന്യക്കു പോകുമ്പോൾ അപേക്ഷിച്ചതുപോലെ ഇപ്പോഴും ചെയ്യുന്നു (1 തിമൊഥെയൊസ് 1:3-4).

## നിസ്വാർത്ഥമായ അന്തരീക്ഷത്തിൽ ക്രിസ്ത്യാനികൾ നന്നായി വളരുന്നു

ഒന്നു കൊരിന്ത്യർ പതിന്നാലാം അദ്ധ്യായം പ്രാഥമികമായി അറിയപ്പെടുന്നതു അന്യഭാഷയിൽ അത്ഭുതകരമായി സംസാരിക്കുന്നതിനെ പറ്റിയുള്ള കർത്താവിന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്ന അദ്ധ്യായമായിട്ടാണ്. പ്രാരംഭ സഭയിൽ അത്ഭുത പരിശീലനം നിലവിലുണ്ടായിരുന്ന കാലമായിരുന്നു അത്. എന്നാൽ ആ അദ്ധ്യായം ഒന്നുകൂടെ ശ്രദ്ധിക്കുക. ഈ അദ്ധ്യായം ആത്മിക വർദ്ധനവിനെ കുറിച്ചു പ്രതിപാദിക്കുന്നു എന്ന ശക്തമായ വാദഗതി അവിടെ തെളിയുന്നുണ്ട്. ആത്മിക വർദ്ധന എന്നതോ അല്ലെങ്കിൽ ആ വാക്കിന്റെ അനുമാന വാക്കുകളോ ആറു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (വാക്യങ്ങൾ 3, 4, 5, 12, 17, 26). ഉപദേശിക്കുന്നതും പ്രവചിക്കുന്നതും അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാണെന്നു പൗലൊസ് അവിടെ പറയുന്നുണ്ട്. കാരണം ഉപദേശവും പ്രവചനവും ആത്മിക വർദ്ധനവു വരുത്തുന്നു. എന്നാൽ അന്യഭാഷ അതു വരുത്തുന്നില്ല. അതുകൊണ്ടു സഭയിൽ അന്യഭാഷയിൽ സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ടു അഞ്ചു വാക്കു പറയുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു എന്നാണ് പൗലൊസ് പറഞ്ഞതു (വാക്യം 19).

വിഗ്രഹങ്ങൾക്കു മുൻപിൽ കൊണ്ടുവെച്ചു പൂജിച്ച ആഹാര പദാർത്ഥങ്ങൾ ഭക്ഷിക്കുന്നതിനെ സംബന്ധിച്ചു പറയുന്നതു: "സകലത്തിനും കർത്തവ്യം ഉണ്ട്; എങ്കിലും സകലവും പ്രയോജനമുള്ളതല്ല. സകലത്തിനും എനിക്ക് കർത്തവ്യം ഉണ്ട്; എങ്കിലും സകലവും ആത്മിക വർദ്ധന വരുത്തുന്നില്ല (1 കൊരിന്ത്യർ 10:23). സ്വന്തം കാര്യങ്ങളിൽ മാത്രം തല്പരരായിരിക്കുന്നവർ, എനിക്കു, എന്നെ, എന്നോടു, എന്റെ എന്ന അഭിപ്രായക്കാർ ചിന്തിക്കേണ്ടതു സഹോ

ദരങ്ങളുടെ സഹോദരിമാരുടെ ആത്മിക വർദ്ധനവിനെ കുറിച്ചാണ്. നിസ്വാർത്ഥത എല്ലാ ക്രിസ്ത്യാനികളിലും ഉണ്ടാകണം ഓരോരുത്തരുടേയും കഴിവുകൾ ദൈവരാജ്യമാകുന്ന സഭയുടെ ആത്മിക വളർച്ചക്കു ഹേതുവായി തീരണം. ഇതാണ് ദൈവേഷ്ടം.

✱

## ദുഷിച്ച വിത്തു നശിപ്പിക്കുക

### ഡേവിഡ്‌വെയ്ഡ്

ഒരിക്കൽ ഒരു കർഷകൻ തന്റെ വിളവു സംരക്ഷിക്കുവാനായി വയലിനു ചുറ്റും മുൾപ്പടർപ്പു പന്തലിച്ചു വലയായി വളരുന്ന ഒരു വിത്തു വിതക്കുന്നതു കണ്ട് ഒരു പക്ഷി മറ്റു പക്ഷികളോടു "ആ മനുഷ്യൻ വിതെക്കുന്നതു സൂക്ഷിച്ചു കൊൾക" എന്നു പറഞ്ഞു. പക്ഷെ അധികം പക്ഷികളും ഈ മുന്നറിയിപ്പ് കാര്യമാക്കിയില്ല. ആ വിത്തുകൾ വളർന്നു വലുതായി തീർന്നു. കർഷകന്റെ വിളവ് തിന്നാൻ വന്ന പക്ഷികളെല്ലാം പറന്നു അതിനു മുകളിൽ ഇരുന്നവയെല്ലാം മുൾ വലയിൽ അകപ്പെട്ടു. അവയ്ക്കു രക്ഷപ്പെടാനായില്ല. ഈ കഥ നമ്മെ പഠിപ്പിക്കുന്ന ധാർമ്മികമായ ഒരു സത്യമുണ്ട്. ദ്രോഹപരമായ ഒന്നിനെ വളരുവാൻ അനുവദിച്ചാൽ അതു നാശം കൊയ്യും എന്നതാണ്. ദുഷിച്ച വിത്തു നശിപ്പിക്കുക എന്നതാണ് പ്രശ്ന പരിഹാരം. മനുഷ്യ ജീവിതത്തിൽ ഇതു വാസ്തവമാണെന്നു നമ്മുടെ അനുഭവങ്ങൾ തെളിയിക്കുന്നു.

ബൈബിളിൽ ധാരാളം മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്. നാം നാശത്തിനിരയായി തീരരുത് എന്ന ഉദ്ദേശത്തോടെ പ്രസ്താവിച്ചിരിക്കുന്നവയാണ് അവ. അവയെ അവഗണിക്കുന്നവർ അനന്തര ഫലം അനുഭവിക്കും. "വഞ്ചിക്കപ്പെടാതിരിപ്പിൻ; ദൈവത്തെ പരിഹസിച്ചുകൂടാ. മനുഷ്യൻ വിതെക്കുന്നതു തന്നെ കൊയ്യും. ജഡത്തിൽ വിതെക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്യും. ആത്മാവിൽ വിതെക്കുന്നവൻ, ആത്മാവിൽ നിന്നു നിത്യ ജീവൻ കൊയ്യും (ഗലാത്യർ 6:7-8). എന്താണ് ഇതിന്റെ അർത്ഥം. ലോക പ്രകാരമുള്ള പ്രവർത്തികൾ ചെയ്യുന്നവർക്കു കിട്ടുന്ന ഫലം ലൗകികമായിരിക്കും. ആത്മിക പ്രവർത്തികൾ ചെയ്യുന്നവർക്കു കിട്ടുന്ന ഫലമോ ആത്മികമായിരിക്കും എന്നതാണ്. ധാരാളം ഉദാഹരണങ്ങൾ ബൈബിൾ വായി

ച്ചാൽ നമുക്കു ഗ്രഹിക്കാം. ദുഷ്ട മനുഷ്യർ അവരുടെ ദുഷ്പ്രവർത്തികളുടെ ഫലവും നീതിമാന്മാർ അവരുടെ സൽപ്രവൃത്തികളുടെ ഫലവും അനുഭവിക്കയുണ്ടായി.

ഭക്തന്മാർ മരിക്കുന്നതുപോലെ ഞാൻ മരിക്കട്ടെ; എന്റെ അവസാനം അവന്റേതുപോലെ ആകട്ടെ എന്നത്രെ ബിലെയാം പറഞ്ഞത് (സംഖ്യാപുസ്തകം 23:10). എന്നാൽ അവനു ഭക്തന്മാരെപോലെ മരിക്കാൻ സാധിച്ചില്ല. കാരണം അവൻ ദുഷ്ടന്മാരെ പോലെ ജീവിച്ചു (സംഖ്യാപുസ്തകം 31:8, 16). പത്രൊസ് ബിലെയാമിനെ കുറിച്ചു പറയുന്നതു: അവൻ അനീതിയുടെ കൂലി കൊതിച്ചു എങ്കിലും തന്റെ അകൃത്യത്തിനു ശാസന കിട്ടി. ഉരിയാടാക്കഴുത മനുഷ്യ വാക്കായി ഉരിയാട്ടി പ്രവാചകന്റെ ബുദ്ധിഭ്രമത്തെ തടുത്തുവല്ലോ എന്നാണ് (2 പത്രൊസ് 2:15). ബിലെയാം വിതെച്ചതു തന്നെയാണ് വാസ്തവത്തിൽ കൊയ്തതു. വിചാരം വിതെച്ചു പ്രവൃത്തി കൊയ്യുന്നു. പ്രവൃത്തി വിതെച്ചു പെരുമാറ്റം കൊയ്യുന്നു. പെരുമാറ്റം വിതെച്ചു സ്വഭാവം കൊയ്യുന്നു. സ്വഭാവം വിതെച്ചു ലക്ഷ്യം കൊയ്യുന്നു എന്നു പറഞ്ഞു കേട്ടിട്ടുണ്ട്. തിന്മ വിതെച്ചാൽ അതിൽ നിന്ന് ഒരിക്കലും നന്മ കൊയ്യാറില്ല. ധനവാന്റെയും ലാസറിന്റെയും ഉപമയിൽ യേശുക്രിസ്തു പഠിപ്പിച്ച സത്യം ഓർമ്മിക്കുന്നുണ്ടല്ലോ. ധനവാനും ലാസറും ജീവിച്ചിരുന്നപ്പോൾ ധനവാൻ നന്മയും ലാസർ തിന്മയും അനുഭവിച്ചു. എന്നാൽ മരണശേഷം ധനവാനു യാതനയും ലാസറിനു നന്മയും ലഭിച്ചു (ലൂക്കൊസ് 16:25).

എല്ലാവരും പഠിക്കേണ്ടതായ ഒരു സത്യം ഉണ്ട്. നമ്മുടെ അനുഭവം നോക്കിയല്ല ദൈവം പ്രവർത്തിക്കുന്നത്. ഓരോരുത്തനു താന്താന്റെ പ്രവൃത്തികൾക്കനുസരിച്ച പ്രതിഫലമാണ് ദൈവം കൊടുക്കുന്നത്.

✱

# ക്രിസ്തുവിന്റെ ഉൽക്കണ്ഠ

## വിൻഫ്രെഡ് ക്ലാർക്ക്

യേശുവിന്റെ അഗാധമായ കരുതൽ കണ്ടെത്താത്ത ഒരദ്ധ്യായവും ബൈബിളിൽ വായിക്കാൻ പറ്റുകയില്ല. വളരെ ഗൗരവമേ

റിയ ദൗത്യമായിരുന്നു അവന്നു ഭൂമിയിൽ നിർവ്വഹിപ്പാനുണ്ടായിരുന്നത്. പാഴാക്കുവാൻ ഒട്ടും സമയം ഉണ്ടായിരുന്നില്ല. അന്നും, നമ്മുടെ ഇന്നത്തെ കാലയളവിലും അവനുള്ള കരുതലുകൾ പല കാര്യങ്ങളിലും വളരെ പ്രകടമാണ്. അവയെല്ലാം ദൈവ പുത്രനെ വളരെ വ്യക്തമായി കാണുവാനും മനസ്സിലാക്കുവാനും സഹായിക്കുന്നവയാണ്. തന്റെ അനുയായികളായ നമുക്ക് നമ്മുടെ ഉത്തരവാദിത്വങ്ങൾ ബോധ്യമാക്കുകയും ചെയ്യും. യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നാം അവനോടുകൂടെ യാത്ര ചെയ്താൽ ദൈവ പുത്രന്റെ സ്വഭാവം നമുക്കു കൂടുതൽ അടുത്തറിയാൻ കഴിയും. അവിടെ പ്രതിപാദിച്ചിരിക്കുന്ന സംഭവങ്ങൾ ദയവായി പരിശോധിക്കുക.

## 1. അറിവിനെ കുറിച്ചുള്ള ഉൽക്കണ്ഠ

ഒരു കിണറിൽ നിന്നു വെള്ളം കോരുവാൻ വന്ന സ്ത്രീയുമായുള്ള യേശുവിന്റെ സംഭാഷണത്തിൽ അവളോടുള്ള പ്രതികരണത്തിൽ ദർശിക്കാവുന്ന കാര്യമാണിത് (യോഹന്നാൻ 4:7). യേശു അവളോടു കുടിപ്പാൻ വെള്ളമാണ് ചോദിച്ചത്. പക്ഷെ അവൾക്കു ഞെട്ടലുണ്ടായി. കാരണം അവൾ ശമര്യക്കാരിയും കുടിപ്പാൻ ചോദിക്കുന്നവൻ യെഹൂദനുമായിരുന്നു. യെഹൂദന്മാർ അന്ന് ശമര്യക്കാരുമായി സമ്പർക്കം പുലർത്തിയിരുന്നില്ല. പക്ഷെ അവൻ അവളോടു പറഞ്ഞതു: "നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു എന്നത്രെ (യോഹന്നാൻ 4:10). ആ സ്ത്രീ അറിയാതിരുന്ന കാര്യത്തെ കുറിച്ചായിരുന്നു അവനു വിചാരമുണ്ടായിരുന്നത്. അവൾ അറിയാതിരുന്നതു അവളുടെ അറിവിനെ പരിമിതമാക്കി. താൻ ആരാണെന്നു യേശു അന്നവൾക്കു വ്യക്തമാക്കി കൊടുത്തു. നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെ മശിഹ എന്നു അവൻ അവളോടു തുറന്നു പറഞ്ഞു (യോഹന്നാൻ 4:26).

ശരിയായ അറിവു ലോകത്തിനുണ്ടാകേണ്ട ഒരു കരുതൽ യേശുവിന്റെ മഹത്തായ ആജ്ഞയിൽ അടങ്ങിയിട്ടുണ്ട്. ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളേയും ഉപദേശിക്കുവാൻ കർത്താവു കല്പിച്ചിട്ടുണ്ട് (മത്തായി 28:18-19). ഉപദേശിക്കൽ അറിവു പകരുകയല്ലേ ചെയ്യുന്നത്? ആളുകൾ അറിയേണ്ടത് അറിയാതെ

പോകരുത് എന്നതു ദൈവിക കരുതൽ വെളിപ്പെടുത്തുകയാണ്. സത്യം ആളുകൾ അറിയും സത്യം അവരെ സ്വതന്ത്രരാക്കും എന്നു കർത്താവു പറയുവാൻ കാരണം മറ്റൊന്നുമല്ല (യോഹന്നാൻ 8:32).

## 2. ധാർമ്മികത്വത്തെ കുറിച്ചുള്ള ഉൾക്കാഴ്ച

ഒരു ഭർത്താവിനെ കുറിച്ച് യേശു ആ സ്ത്രീയോടു പറഞ്ഞ പ്രസ്താവനയിൽ ഇതു കാണാവുന്നതാണ്. അവളുടെ അവസ്ഥ താൻ അറിയുന്നതായി അവൻ അവളെ മനസ്സിലാക്കി കൊടുത്തു. "നിന്റെ ഭർത്താവിനെ വിളിച്ചു കൊണ്ടുവരിക" എന്ന് അവൻ അവളോടു പറഞ്ഞു (യോഹന്നാൻ 4:16). അവളുടെ പ്രതികരണം "എനിക്ക് ഭർത്താവില്ല" എന്നായിരുന്നു (യോഹന്നാൻ 4:17). എനിക്കു ഭർത്താവില്ല എന്നു നീ പറഞ്ഞതു ശരി. അഞ്ചു ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു. ഇപ്പോൾ ഉള്ളവനോ നിന്റെ ഭർത്താവല്ല; നീ പറഞ്ഞതു സത്യം തന്നെ എന്നു യേശു പറഞ്ഞു. ഈ സ്ത്രീയുടെ അധാർമ്മികത്വത്തിൽ വിചാരമുള്ളവനായിരുന്നു നമ്മുടെ കർത്താവ്. അവൾ അങ്ങനെ അങ്ങു ജീവിച്ചോട്ടെ എന്നു കരുതിയില്ല; അതൊരു പുതിയ അനുഭവമായി അവൾ ജീവിക്കട്ടെ എന്നു വിചാരിക്കാതെ അവളുടെ ജീവിതത്തിലെ വസ്തുതകളെ മുഖാമുഖമായി കൊണ്ടുവന്നു. അവന്റെ അപാരമായ ജ്ഞാനത്തിൽ അവൾ അതിശയിച്ചു. അനന്തരം സ്ത്രീ പട്ടണത്തിൽ ചെന്നു ജനങ്ങളോടു: ഞാൻ ചെയ്തതു ഒക്കെയും എന്നോടു പറഞ്ഞ ഒരു മനുഷ്യനെ വന്നു കാൺമിൻ; അവൻ പക്ഷെ ക്രിസ്തു ആയിരിക്കുമോ എന്നു പറഞ്ഞു (യോഹന്നാൻ 4:29). ദൈവപുത്രന്റെ മുൻപാകെ അവളുടെ പാപത്തിന്റെ ലജ്ജ മൂടി വെക്കാൻ കഴിയുകയില്ല എന്നവൾ മനസ്സിലാക്കി. പലർക്കും കഴിയാത്തതു അവരുടെ തെറ്റുകൾ തുറന്നു പറയാൻ സാധിക്കുന്നില്ല എന്നതാണ്. തുറന്നു പറഞ്ഞാലും ഇല്ലെങ്കിലും ദൈവം അതു അറിയുന്നുണ്ട് എന്ന കാര്യമാണ് ശ്രദ്ധേയം.

## 3. ആരാധനയെ കുറിച്ചുള്ള അവന്റെ ഉൾക്കാഴ്ച

ശമര്യക്കാരിയുമായുള്ള സംഭാഷണത്തിനിടയിൽ നമസ്കാരം എന്ന വിഷയം കടന്നു വന്നു. വാസ്തവത്തിൽ അവളാണ് അതു ആദ്യം പുറത്തു വിട്ടത്. ശമര്യക്കാരുടെ ആരാധനാ രീതിയാണ് അവൾ അവനോടു പറഞ്ഞത് (യോഹന്നാൻ 4:20). യെഹൂദന്മാർ

ദൈവത്തെ ആരാധിച്ചിരുന്നത് യെരുശലേമിൽ ആയിരുന്നു എന്നും അവൾക്ക് അറിയാമായിരുന്നു. നമസ്ക്കാരത്തെ സംബന്ധിച്ച സത്യം അവൾ അറിയണമെന്നു ക്രിസ്തു ആഗ്രഹിച്ചു. ആരാധനയിൽ കർത്താവിനുള്ള ഉൽക്കണ്ഠ വെളിപ്പെടുത്തുകയാണ് ചെയ്തതു.

ആരാധനയെ കുറിച്ചു യേശു പറഞ്ഞതു എന്ത് എന്നു നോക്കാം. "ദൈവം ആത്മാവാകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം" (യോഹന്നാൻ 4:24). ഇവിടെ കർത്താവു ഉപയോഗിച്ച ഭാഷയിൽ ആരാധനയുടെ വിശിഷ്ടതയെ ചൂണ്ടി കാണിക്കുകയാണ്. എങ്ങനെ ആയിരിക്കണം എന്നതിൽ മാത്രമല്ല, ആരെ ആരാധിക്കണം എന്ന കാര്യത്തിലും അവൻ ഉൽക്കണ്ഠയുള്ളവനാണ്. ദൈവത്തെ മാത്രമെ വണങ്ങി, ആദരിച്ച് നമസ്ക്കരിക്കാവൂ. ആ നമസ്ക്കാരം ആത്മാവിലും സത്യത്തിലും ആയിരിക്കണം. ആരാധന വെറും ഒരു ചടങ്ങാകാതെ ആത്മാർത്ഥമായ മനോഭാവത്തോടെ വേണം ആരാധിക്കുവാൻ. കാരണം ദൈവം പ്രസാദിക്കുവാനാണല്ലോ അവനെ ആരാധിക്കുന്നതു. അപ്പോൾ മനോഭാവം സത്യസന്ധമായിരിക്കണം. സത്യ വചനത്തെ മാറ്റി നിർത്തി എങ്ങനെയെങ്കിലും ഏതെങ്കിലും ഒരു സമൂഹത്തിൽ പോയി ആരാധിച്ചാൽ അത്തരത്തിലുള്ള പ്രവൃത്തിയിൽ ദൈവം സന്തുഷ്ടനാകയില്ല. നമ്മെ തന്റെ വചനത്തിൽ പഠിപ്പിച്ചിരിക്കുന്നതുപോലെ വേണം നാം അവനെ നമസ്ക്കരിക്കുവാൻ.

## 4. ദൈവേഷ്ടത്തെ കുറിച്ചുള്ള അവന്റെ ഉൽക്കണ്ഠ

ശിഷ്യന്മാർ ഗ്രാമത്തിൽ പോയി തിരിച്ചു വന്നു യേശുവിനോടു ഭക്ഷിപ്പാൻ ആവശ്യപ്പെട്ടപ്പോൾ അവന്റെ പ്രതികരണം എന്തായിരുന്നുവെന്നോ? അതിനു അവൻ നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കുണ്ട് എന്നു അവരോടു പറഞ്ഞു. ആകയാൽ വല്ലവനും അവന്നു ഭക്ഷിപ്പാൻ കൊണ്ടുവന്നുവോ എന്നു ശിഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോടു പറഞ്ഞതു എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം (യോഹന്നാൻ 4:32-34). യേശുവിന്റെ ആദ്യത്തെ മുൻഗണന ദൈവേഷ്ടമായിരുന്നു. യേശുവിന്റെ മനസ്സിലെ പ്രഥമ സ്ഥാനം അതു തന്നെയായിരുന്നു. ആഹാരമോ ഉറക്കമോ മറ്റെന്തായാലും അതിനു മുൻപു ദൈവഹിതം നിറവേറ്റുകയാണ് അവൻ

ചെയ്തിരുന്നത്. പിതാവിന്റെ ഇഷ്ടമാണ് പരമോന്നതമായത്. അതു കൊണ്ട് അവനു അതിനെ കുറിച്ചു വിചാരമുണ്ടായിരുന്നു.

### 5. മനുഷ്യന്റെ നഷ്ടപ്പെട്ട അവസ്ഥയെ കുറിച്ച് അവനു ഉൽക്കണ്ഠയുണ്ടായിരുന്നു

ഈ ഭൂമിയിൽ അവൻ വരുവാൻ തന്നെ കാരണം അതായിരുന്നുവല്ലോ. ശമര്യക്കാരിയോടുള്ള സംസാരത്തിൽ നഷ്ടപ്പെട്ടു പോകുന്നതിനെ കുറിച്ചുള്ള അവന്റെ വിചാരത്തെ പുറത്തുകൊണ്ടു വരുന്നുണ്ട്. ഒരാത്മാവുപോലും നഷ്ടപ്പെട്ടു പോകുന്നത് അവനിഷ്ടമല്ല. ആ സ്ത്രീയുടെ ആത്മാവ് നഷ്ടപ്പെട്ടു പോകരുത് എന്നു വച്ചാണ് യേശു അവളോടു സംസാരിക്കുന്നത്. അവന്റെ വായിൽ നിന്നു പുറപ്പെട്ട സത്യ വചനങ്ങൾ എല്ലാം തന്നെ ആത്മാവിന്റെ രക്ഷക്കു വേണ്ടുന്നതായിരുന്നു. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗം സന്തോഷിക്കുന്നത് അറിയാമല്ലോ. അപ്പൊസ്തലന്മാരോടു യേശു പറഞ്ഞതു ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നു എന്നാണ്. അവൻ പഠിപ്പിച്ചു പരിശീലിപ്പിച്ചെടുത്ത ശിഷ്യന്മാരെ ലോകത്തിൽ എങ്ങും പോയി സുവിശേഷം അറിയിക്കാൻ കല്പിക്കുന്നതു നഷ്ടപ്പെട്ടു പോകുന്നവരെ കുറിച്ചുള്ള അവന്റെ വിചാരം കൊണ്ടാണ്. യോഹന്നാൻ നാലാം അദ്ധ്യായത്തിൽ കർത്താവിന്റെ പല വിധ ഉൽക്കണ്ഠകളെ കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. അവ നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ടതാണ്.

✱

സ്ത്രീകൾക്കു വേണ്ടി

## അവർ എന്തു ചെയ്തു?

### ബെറ്റി ബർട്ടൻ ചോട്ട്

ബൈബിളുമായി മേശക്കു ചുറ്റും ഇരുന്നപ്പോൾ, "നമ്മുടെ ബൈബിൾ പഠനം എനിക്കു വളരെ ഇഷ്ടമായി" റെയിച്ചൽ ആൻഡ്രുവിനോടു പറഞ്ഞു. എനിക്കും ഇഷ്ടമാണ് ആൻഡ്രു പ്രതിവചിച്ചു.

"ബൈബിളും മതവും മനുഷ്യനെ മുഷിപ്പിക്കുന്നതാണെന്നു കരുതാൻ എന്താണ് കാരണമെന്ന് എനിക്കറിയില്ല. ഒരുപക്ഷെ അതു

ആളുകൾ അതെല്ലാം ഒരു ചടങ്ങു മാത്രമായി ചെയ്യുന്നതു കൊണ്ടാകാം "ആൻഡ്രു തന്നെ അതിനുത്തരവും കണ്ടെത്തി. പക്ഷെ നാം ജീവിതത്തിലെ ഏറ്റവും നല്ല കാര്യങ്ങൾ നഷ്ടമാക്കി യിരിക്കയാണ് എന്ന് അവർ സമ്മതിച്ചു.

അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം ഇന്നുച്ച കഴിഞ്ഞ് ഞാൻ വായിക്കയുണ്ടായി! അപ്പൊസ്തലന്മാർ യേശുവിന്റെ നാമ ത്തിൽ സംസാരിക്കുന്നതു ഇഷ്ടപ്പെടാതിരുന്ന മതാദ്ധ്യക്ഷന്മാർക്കു അവരോടു ശത്രുത വർദ്ധിച്ചു വന്നു. 7-ാം അദ്ധ്യായത്തിൽ ഒരു ക്രിസ്ത്യാനി അവരാൽ കൊല്ലപ്പെടുകയും ചെയ്തു. പിന്നീട് ശക്ത നായ ഒരു യെഹൂദ പ്രമാണിയായിരുന്ന ശൗലിനെ നാം കാണുന്നു ണ്ട്. അവന്റെ ശ്രമമെല്ലാം ക്രിസ്ത്യാനികളെ തടവിലാക്കുവാനും സഭയെ ഉപദ്രവിക്കുന്നതിനും ആയിരുന്നു. ഈ ഉപദ്രവം അവർ വിചാരിച്ചതിനു വിപരീതമായ ഫലമാണ് ഉളവാക്കിയത്. ഈ ഉപ ദ്രവം ഉണ്ടായപ്പോൾ അതൊഴിവാക്കുവാൻ ക്രിസ്ത്യാനികൾ അവി ടവിടെ ചിതറിപ്പോയപ്പോൾ എല്ലായിടത്തും വചനം സംസാരിച്ചു കൊണ്ടു നടന്നു എന്നതായിരുന്നു അതിശയം.

അതു അപ്പൊസ്തല പ്രവൃത്തി 8-ാം അദ്ധ്യായം 4-ാം വാക്യ ത്തിൽ കാണുന്നു പിന്നെ ഫിലിപ്പൊസ് ശമര്യ പട്ടണത്തിൽ പോയി പ്രസംഗിക്കുന്നുണ്ട്. അവൻ അവരോടു ക്രിസ്തുവിനെ പ്രസംഗിച്ചു എന്നാണ് പറഞ്ഞിരിക്കുന്നത് (വാക്യം 5). എന്നാൽ ദൈവരാജ്യ ത്തേയും യേശുവിന്റെ നാമത്തെയും പ്രസംഗിച്ച ഫിലിപ്പൊസിനെ ആളുകൾ വിശ്വസിച്ചപ്പോൾ സ്ത്രീകളും പുരുഷന്മാരും സ്നാനം ഏറ്റു (വാക്യം 12). ഈ വേദഭാഗം നമ്മെ വളരെ കാര്യങ്ങൾ പഠിപ്പി ക്കുന്നുണ്ട്. പ്രത്യേകമായി ദൈവ രാജ്യത്തെ കുറിച്ചും യേശുവിന്റെ നാമത്തെ കുറിച്ചും അവൻ പ്രസംഗിച്ചു എന്നാണ് രേഖപ്പെടുത്തി യിരിക്കുന്നത്. ദൈവരാജ്യം അഥവാ സഭയുടെ പ്രാധാന്യം മനസ്സി ലാക്കിക്കൊടുക്കുവാനാണ് അങ്ങനെ പ്രസംഗിച്ചത്. അടുത്തത് രക്ഷ യേശുവിന്റെ നാമത്തിൽ ആണ് ഉള്ളത്. ഈ രണ്ടു വിഷയങ്ങളിലും മറ്റനേകം കാര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അല്ലെങ്കിൽ ജനങ്ങൾ സ്നാന മേല്ക്കേണ്ട ആവശ്യമില്ലല്ലൊ. പുരുഷന്മാരും സ്ത്രീകളും സ്നാന മേറ്റു എന്നു പറഞ്ഞിരിക്കയാൽ കുട്ടികളാരും അതിൽ ഉണ്ടായിരു ന്നില്ല എന്നു സ്പഷ്ടം. കുട്ടികൾക്കു സ്നാനത്തിന്റെ ആവശ്യം തന്നെ ഇല്ലല്ലൊ.

റെയിച്ചിലേ എനിക്ക് ഒരു ആശയം തോന്നുന്നു! അന്നു ആളുകളോടു സുവിശേഷം പ്രസംഗിച്ചപ്പോൾ അവർ ക്രിസ്ത്യാനികളായി തീർന്ന വസ്തുതകളെല്ലാം പരിശോധിച്ചാലോ? അപ്പോൾ സംഭവിച്ച കാര്യങ്ങൾ എല്ലാം വ്യക്തമായാൽ അതു നമ്മുടെ പഠനത്തിനു സഹായകരമാകും" ആൻഡ്രു പറഞ്ഞു.

എന്തു നല്ല ആശയം എന്നു പറഞ്ഞു റെയിച്ചിൽ അതു സമ്മതിക്കുകയും പേനയും ബുക്കും എടുത്തുവെച്ച് അവർക്കുള്ളിൽ ഉണ്ടായിരുന്ന സംശയങ്ങൾ എല്ലാം കുറിച്ചുവെച്ചു. "ശരി നമുക്ക് ആരംഭിച്ചു കളയാം." ആദ്യമായി കേൾക്കുന്നവർ - യെഹൂദന്മാർ, സ്ഥലം യെരുശലേം, വാക്യം അപ്പൊസ്തല പ്രവൃത്തികൾ 2-ാം അദ്ധ്യായം. അപ്പൊസ്തലന്മാരാണ് പ്രസംഗിച്ചത്. എന്തായിരുന്നു പ്രസംഗം? ദൈവ പുത്രനായ യേശുവായിരുന്നു വിഷയം. പ്രതികരണം എന്തായിരുന്നു? അവർ ഹൃദയത്തിൽ കുത്തുകൊണ്ടു എന്നു കാണുന്നു. അതിന്റെ അർത്ഥം അവർ അതു വിശ്വസിച്ചു എന്നാണ്. അവരോടു അപ്പൊസ്തലന്മാർ ആവശ്യപ്പെട്ടതു: ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനമേല്ക്കുവിൻ എന്നായിരുന്നു (രക്ഷിക്കപ്പെട്ടു).

രണ്ടാമത്തെ സംഭവം, യെരുശലേം ദേവാലയത്തിലായിരുന്നു (പ്രവൃത്തി 3-ഉം 4-ഉം അദ്ധ്യായങ്ങൾ). അപ്പൊസ്തലന്മാരായിരുന്നു പ്രസംഗിച്ചത്. വിഷയം - ദൈവപുത്രനായിരുന്ന യേശു. ആളുകൾ എന്തു ചെയ്തു? അവർ വിശ്വസിച്ചു, മാനസാന്തരപ്പെട്ടു, പുതുക്കം പ്രാപിച്ചവരായി തീർന്നു (രക്ഷിക്കപ്പെട്ടു).

പ്രധാനപ്പെട്ടവയുടെ അടിയിൽ വരച്ചിട്ടാൽ അതു പെട്ടെന്നു മനസ്സിലാക്കാൻ സഹായിക്കുമെന്നു റെയിച്ചിൽ അഭിപ്രായപ്പെട്ടു.

ആൻഡ്രു പേജുകൾ മറിച്ചു നോക്കാൻ തുടങ്ങി. ഫിലിപ്പൊസ് എന്നൊരു മനുഷ്യൻ ശമര്യയിൽ പോയി പ്രസംഗിച്ചതായി പറയുന്നു (പ്രവൃത്തി 8). കേൾവിക്കാർ ശമര്യക്കാരായിരുന്നു. അവർ എന്തായിരുന്നു പ്രസംഗിച്ചത്? ക്രിസ്തുവായിരുന്നു പ്രസംഗ വിഷയം. ദൈവരാജ്യത്തെ കുറിച്ചും യേശുവിന്റെ നാമത്തെ കുറിച്ചും പ്രസംഗിച്ചു. ആളുകളുടെ പ്രതികരണം, വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യലായിരുന്നു. ഫിലിപ്പൊസിന്റെ പ്രസംഗം കേട്ടു ശിമോൻ എന്ന ഒരാൾ വിശ്വസിക്കയും സ്നാനമേൽക്കുകയും ചെയ്തു.

ഒരു ദൂതൻ ഫിലിപ്പൊസിനോടു: നീ മരുഭൂമിയിൽ ചെന്നു ഒരു

മനുഷ്യനോടു സുവിശേഷം അറിയിക്കാൻ ആവശ്യപ്പെടുന്നു. "ഇതു വളരെ രസകരമായിരുന്നു" ആൻഡ്രൂ റെയിച്ചിലിനോടു പറഞ്ഞു. എന്തുകൊണ്ടു ദൂതൻ തന്നെ പോയി സന്ദേശം അറിയിച്ചില്ല? എന്തു കൊണ്ടായിരിക്കണം യേശുവും ദൂതന്മാരും ലോകത്തിൽ എല്ലായി ടത്തും സുവിശേഷം അറിയിക്കാതിരുന്നത്? "ഒരുപക്ഷെ ആളുക ളിൽ കൂടെ അതെത്തിക്കണമെന്നായിരിക്കും ദൈവത്തിന്റെ പദ്ധതി" റെയിച്ചൽ ഉത്തരം കണ്ടെത്തി.

എങ്ങനെയായാലും ഫിലിപ്പൊസ് ശമര്യയിൽ നിന്നു പോയി എത്യോപ്യക്കാരനോടു സുവിശേഷം അറിയിച്ചു (പ്രവൃത്തി 8:26). അവൻ ,യേശുവിനെ പ്രസംഗിച്ചു എന്നാണ് വിവരിച്ചിരിക്കുന്നത്. യേശുവിന്റെ മരണത്തെ കുറിച്ചു യെശയ്യാവു പ്രവചിച്ചിരുന്നതിനെ വിശദീകരിച്ചുകൊണ്ടു പഠിപ്പിച്ചപ്പോൾ അവൻ പ്രതികരിച്ചു. "ഇതാ വെള്ളം ഞാൻ സ്നാനമേല്ക്കുവാൻ എന്തു വിരോധം" എന്നു ചോദിച്ചു. "നീ വിശ്വസിക്കുന്നുവെങ്കിൽ ആകാമെന്നു സുവിശേഷ കൻ മറുപടി പറഞ്ഞു. അങ്ങനെ ഫിലിപ്പൊസ് ഷണ്ഡനെ സ്നാനം കഴിപ്പിച്ചു. ഷണ്ഡൻ സന്തോഷിക്കുകയും ചെയ്തു.

ഇവിടെ സ്നാനത്തെ കുറിച്ചു ഷണ്ഡൻ എങ്ങനെ മനസ്സിലാക്കി? സുവിശേഷകൻ അതും പഠിപ്പിച്ചിരിക്കും. വിശ്വാസം വന്നാൽ തുടർന്നു ചെയ്യേണ്ട കാര്യങ്ങൾ കൂടെ ബോധ്യപ്പെടുത്തിയിരിക്കും എന്നതു സ്പഷ്ടമാണ്. മരുഭൂമിയിൽ "അധികം വെള്ളമൊന്നും കിട്ടു കയില്ലല്ലൊ. അതുകൊണ്ടു കുറച്ചു വെള്ളമെടുത്തു തളിച്ചു സ്നാന പ്പെടുത്തിയിരിക്കാമെന്നു റെയിച്ചിൽ സംശയം പ്രകടിപ്പിച്ചു. 'ഇല്ല' ആൻഡ്രൂ പറഞ്ഞു: അവർ ഇരുവരും വെള്ളത്തിൽ ഇറങ്ങി എന്നതു അവൻ വായിച്ചു കേൾപ്പിച്ചു.

✱

# സഭയ്ക്കുള്ളിലെ മനോഭാവം മെച്ചപ്പെടുത്തൽ

സഭ എന്നതു ലോകത്തിൽ നിന്നു വിളിച്ചു വേർതിരിക്കപ്പെട്ടവ രുടെ കൂട്ടമാണ്. പല പശ്ചാത്തലങ്ങളിൽ നിന്നും വന്നവരായിട്ടുള്ള ആളുകളാണ് അവർ. മാനുഷികമായ ചിന്തകളും സ്വഭാവങ്ങളും അവ

തിൽ ഉള്ളതു വിഭിന്നങ്ങളായിരിക്കും. അതു തിരിച്ചറിയാനുള്ള വിവേകം ഓരോരുത്തർക്കും ഉണ്ടാകണം. അതിനു സഹായകമായ ഏതാനും കാര്യങ്ങളാണ് ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. നാമധേയ വിഭാഗങ്ങളിലുള്ളവരുടെ കാര്യമല്ല ഇവിടെ പറയുന്നത് എന്നോർക്കുക. കർത്താവിന്റെ ഏക സഭയിലായി തീർന്നവർ തിരിച്ചറിഞ്ഞു പെരുമാറേണ്ട മാനദണ്ഡമാണ് പറയുന്നത്. എന്നാൽ സഭയ്ക്കു പുറത്തുള്ളവർക്കും കർത്താവിന്റെ കല്പനകൾ പ്രമാണിച്ചു ജീവിച്ചില്ലെങ്കിൽ അന്ത്യം ഫലമില്ലാത്തതാകും. നാം ചിന്തിക്കേണ്ടതും അനുവർത്തിക്കേണ്ടതുമായ ജീവിത രീതി ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. ഏതൊരു വിഷയത്തിനെ കുറിച്ചും മുഴുവൻ സത്യം നാം അറിയണം.

1. സ്വയം മനസ്സിലാക്കുക എന്നതു പരമ പ്രധാനമാണ്. നിങ്ങൾ പൂർണ്ണനല്ല എന്ന കാര്യം ബോധ്യപ്പെടണം. അതുകൊണ്ടു എവിടെയെങ്കിലും പൂർണ്ണതയുള്ള ആളുകളുടെ കൂട്ടമാകുന്ന സഭയുണ്ടെങ്കിൽ നിങ്ങൾ അവിടെ അനുയോജ്യനല്ല. ചുരുക്കമിതാണ് ഭൂമിയിൽ എവിടെ ചെന്നാലും കുറവില്ലാത്ത മനുഷ്യരെ നിങ്ങൾക്കു കാണാൻ കഴിയുകയില്ല എന്നതാണ്.

2. ലോക പ്രകാരമുള്ള കാപട്യത്തിൽ ജീവിക്കുന്ന അംഗങ്ങളെ എടുത്തു കാണിക്കുന്നതിനേക്കാൾ ആത്മാർത്ഥതയുള്ള, സമർപ്പിക്കപ്പെട്ട ആത്മിയ സ്വഭാവമുള്ള അംഗത്തെ എടുത്തു കാണിക്കുക. അതായതു നാം തിന്മയല്ല, നന്മയാണ് കണ്ടെത്താൻ ശ്രമിക്കേണ്ടത്. അതിനർത്ഥം അവരുടെ തെറ്റുകൾ തിരുത്തേണ്ട എന്നല്ല. അവരുടെ പോരായ്മകൾ അവർക്കു സ്നേഹത്തോടെ സൗമ്യതയോടെ ബോധ്യപ്പെടുത്തി കൊടുക്കണം. അവരിലുള്ള നല്ല ഗുണങ്ങളെ പ്രോത്സാഹിപ്പിക്കയും വേണം.

3. നിങ്ങൾ പ്രായമുള്ള വ്യക്തിയാണെങ്കിൽ, നിങ്ങളുടെ ചെറുപ്പം നിങ്ങൾ ഇഷ്ടപ്പെട്ടതുപോലെ അവരെയും പരിഗണിക്കണം. യുവത്വത്തെ പുച്ഛിച്ചു തള്ളരുത് എന്നർത്ഥം. നിങ്ങൾ ഒരു യുവാവാണെങ്കിൽ പ്രായമുള്ളവരെ ബഹുമാനിക്കയും നിങ്ങൾ പ്രായമാകുമ്പോൾ മറ്റുള്ളവർ നിങ്ങളെ എങ്ങനെ സ്വീകരിക്കണമോ അതേ പോലെ കണക്കാക്കി സ്വീകരിക്കുക.

4. മൂപ്പന്മാരെയും ശുശ്രൂഷകന്മാരെയും ഉപദേഷ്ടാക്കന്മാരെയും വിമർശിക്കുവാൻ നിങ്ങൾ പരീക്ഷിക്കപ്പെടുമ്പോൾ അവർക്കു

വേണ്ടി പ്രാർത്ഥിക്കുക. അതുപോലെ തന്നെ മറ്റു സഹസഹോദര ങ്ങളെ കുറിച്ചു കുറ്റം ആരോപിക്കുവാൻ പ്രേരിതരാകുമ്പോൾ അവർക്കു വേണ്ടി ദൈവത്തോടു അപേക്ഷിക്കുക. നിരന്തരമായ പ്രാർത്ഥന അവരുടെ ജീവിതത്തിനു മാറ്റമുണ്ടാക്കുക മാത്രമല്ല നിങ്ങ ളുടെ ജീവിതത്തിലും അതു വളരെ ഗുണം ചെയ്യും, സ്വഭാവത്തിലും മനോനിരൂപണത്തിലും വിലയിരുത്തലിലും നിങ്ങൾക്കു വളരെ പ്രയോജനപ്പെടും. അതിശയകരമായ ഒരു സ്വഭാവ രൂപീകരണം നിങ്ങ ളിൽ തന്നെ രൂപപ്പെടും.

5. ഏതെങ്കിലും ഒരു ജോലി ചെയ്യാതെ കിടപ്പുണ്ടെങ്കിൽ ശ്രദ്ധി ക്കുക. ഒരു പക്ഷെ അതു മറ്റാരുടേയും കണ്ണിൽ പെട്ടില്ലെന്നു വിചാ രിക്കുക. അല്ലെങ്കിൽ ചെയ്യേണ്ടവർ മറന്നു പോയിരിക്കാം. ഉടനെ നിങ്ങൾ ആ പ്രവൃത്തി ചെയ്യുക. അതു മറ്റൊരാൾക്കായി നീക്കിവെ ക്കരുത്. അതിനെ കുറിച്ചു നിഷേധാത്മകമായി ഒന്നും സംസാരി ക്കാതിരിക്കയും വേണം.

6. നിങ്ങളുടെ പരാജയങ്ങൾക്കു മറ്റുള്ളവരെ കുറ്റം ചുമത്താതി രിക്കുക. മോശമായ മാതൃക മറ്റുള്ളവരെ നിരാശപ്പെടുത്തും എങ്കിൽ ദൈവത്തോടുള്ള വിശ്വസ്തത എല്ലാവർക്കും പുലർത്താൻ കഴിയും. പക്ഷെ എല്ലാവരും അതിനു തയ്യാറാകണം. മനസ്സുണ്ടെങ്കിൽ ദൈവ ത്തിൽ വിശ്വസ്തരായി മുൻപോട്ടു പോകാം. നമ്മുടെ ദൈവത്തി ലുള്ള വിശ്വാസം മറ്റുള്ളവരുടെ പ്രവൃത്തിയിൽ ആസ്പദമാക്കാതി രിക്കുക.

7. ഓരോ ദിവസവും നിങ്ങൾ ഓർമ്മിക്കേണ്ടതെന്തെന്നാൽ സഭ യെയും ലോകത്തെയും അഭിവൃദ്ധിപ്പെടുത്തുവാൻ യഥാർത്ഥമായി നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതു ആരംഭിക്കേണ്ടതു നിങ്ങ ളിൽ നിന്നു തന്നെയാണ്. ദൈനന്തിന ജീവിതത്തിൽ സ്വയം മെച്ച പ്പെടുത്തൽ നിങ്ങളുടെ ലക്ഷ്യമായി തീരണം.

8. സഭയിൽ ബൈബിൾ പഠനത്തിനും ആരാധനക്കും ആദ്യമായി വരുന്നവരോടു നിങ്ങൾ എങ്ങനെ പെരുമാറുന്നു? അവരോടു സംസാരിക്കാറുണ്ടോ? അവരെ ഉത്തേജിപ്പിക്കണം. ദൈവവചന സത്യത്തിന്റെ മാർഗ്ഗത്തിലേക്കു അവരെ നയിക്കുവാൻ നിങ്ങൾ ആണ് പ്രവർത്തിക്കേണ്ടത്. വ്യക്തികളായ എല്ലാ അംഗങ്ങൾക്കും ആ കർത്തവ്യം ഉണ്ട്. ഉദാസീനമായ മനോഭാവം അവരെ സഹായി

ക്കുകയില്ല. പലരും പിന്നീട് വരാതിരിക്കാൻ കാരണം എന്താണെന്നു ആലോചിക്കുക.

9. നിസ്വാർത്ഥമായ മനോഭാവമായിരിക്കണം നമ്മിൽ വേണ്ടത്. പ്രായമായവർക്കും രോഗികൾക്കും നമ്മുടെ ഇരിപ്പിടം നൽകുവാൻ നമുക്കു കഴിയണം. നമ്മേക്കാൾ നാം മറ്റുള്ളവരെ വലുതായി കാണണം.

*

# നിങ്ങൾ വെല്ലുവിളി ഇഷ്ടപ്പെടുന്നുവോ?

## ജോണി രാംസെ

ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി തീരുക എന്നതിനേക്കാൾ വലിയ വെല്ലുവിളിയില്ല. നീതിയുടെ വഴി പിന്തുടർന്നു ലഭിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ പ്രതിഫലം മറ്റൊരു ശ്രമകരമായ അദ്ധ്വാനത്തിനും ലഭിക്കുകയില്ല. ന്യായവിധിയോ, നിത്യതയോ, സ്വർഗ്ഗമോ, നരകമോ ഒന്നും ഇല്ലെങ്കിൽ പോലും ആത്മാർത്ഥമായ ക്രിസ്തീയ ജീവിതം ഈ ഭൂമിയിൽ നയിക്കുക എന്നതു ഏറ്റവും നല്ലൊരു കാര്യം തന്നെയാണ്. യേശുക്രിസ്തുവിന്റെ കാലടികളെ പിന്തുടരുവാൻ ശ്രമിക്കുന്ന ആളുകളെ സുവിശേഷം വിലയേറിയ വാഗ്ദാനത്തിലൂടെ ഉയർന്ന നിലവാരമുള്ള ജനമായി മാറ്റുന്നു. നമുക്കു ചുറ്റുപാടും വസിക്കുന്നവർക്കു അതിന്റെ പ്രയോജനം ലഭിക്കും (1 പത്രൊസ് 2:21). പ്രയത്നത്തിനു നല്ല പ്രതിഫലം കിട്ടുമെങ്കിൽ ഈ വഴി പലപ്പോഴും എളുപ്പമല്ല. നമ്മുടെ രക്ഷകൻ പോലും സ്വയം ത്യജിക്കലിലൂടെയാണ് ആ വഴി തിരഞ്ഞെടുത്തത് (ലൂക്കൊസ് 9:23). ഒരു ക്രിസ്ത്യാനി എന്ന നിലയിൽ വിജയിക്കണമെങ്കിൽ ഒരാളുടെ ചിന്തയും പ്രവൃത്തിയും നിയന്ത്രണാധീനമാക്കണം എന്നു അപ്പൊസ്തലനായിരുന്ന പൗലൊസ് വ്യക്തമാക്കിയിട്ടുണ്ട് (1 കൊരിന്ത്യർ 9:27; 2 കൊരിന്ത്യർ 10:5). സുവിശേഷത്തിന്റെ വെല്ലുവിളിയെ ചിലർ നേരിട്ടു വിജയിക്കാതിരിക്കുന്നതിന്റെ കാരണം അവരുടെ താല്പര്യമില്ലായ്മയും തീർച്ചയില്ലായ്മയുമാണ്. ഒരിക്കൽ ക്രിസ്തുവിന്റെ ദാസന്മാരായിരുന്നവർ പിന്നീട് ജഡത്തിന്റെ ഇച്ഛയ്ക്കു കീഴ്പ്പെട്ടു വിശ്വാ

ലമായ ലോകത്തിലേക്കു മടങ്ങി പോയതു എത്ര ഖേദകരമെന്നോർക്കുക (2 പത്രോസ് 2:18).

ക്രിസ്ത്യാനിത്വം ആവശ്യപ്പെടുന്ന സ്വഭാവം ബൈബിളിന്റെ ആത്മാർത്ഥതയെ ആസ്പദമാക്കിയുള്ളതാണ്. ഭൂമിയിലെ ഗതിവേഗ ചുവടുകൾക്കൊന്നും ഊഹിക്കാൻ കഴിയുന്നതിനപ്പുറമാണ് വിശുദ്ധ വേദപുസ്തകത്തിന്റെ ആഴം. ഗലീലാ പുരുഷനോടുള്ള ധീരമായ ധ്യാനത്തിനു ദശലക്ഷക്കണക്കിനു ആളുകൾ വില കൊടുക്കാൻ തയ്യാറാകുന്നില്ല. സാത്താനെ അനുഗമിക്കാൻ വലിയ പരിശ്രമത്തിന്റെ ആവശ്യമില്ല. എന്നാൽ വീണ്ടെടുപ്പുകാരൻ സ്വീകരിക്കുന്നതു ഏറ്റവും നല്ല ധ്യാനനിരതമായ ജീവിതമാണ് (ലൂക്കൊസ് 14:33). തിരുവെഴുത്തിന്റെ പരമാർത്ഥതയെ വിട്ടുവീഴ്ച്ച ചെയ്യുവാൻ ശ്രമിക്കുന്നവർ വിജയിക്കുകയില്ല. മനുഷ്യന്റെ ഉത്സാഹമില്ലാത്ത മനോഭാവം വലയിലെ കുരുക്കുകൾ പോലെയാണെന്നു വരുത്തിയിരിക്കയാണ്. രക്ഷാ സന്ദേശം ഒരിഞ്ചുപോലും വഴങ്ങി കൊടുക്കരുതാത്ത വിധത്തിൽ വ്യക്തമാക്കിയിട്ടുള്ളവനാണ് ക്രിസ്തു (യോഹന്നാൻ 10:5; 15:3).

ഉദാത്തമായ ഭാഷയിൽ കവിത രചിച്ച ഒരു കവി തന്റെ ഭാഷയിൽ വിവരിച്ചിരിക്കുന്നതു ഇങ്ങനെയാണ്. "ബൈബിളും ഞാനും, ഞങ്ങൾ ഒരുമിച്ചു യാത്ര ചെയ്തു. എല്ലാവിധത്തിലുള്ള കാലാവസ്ഥയിലും, പുഞ്ചിരിയോടും നെടുവീർപ്പോടും കൂടെ, ദുഃഖത്തിലും സൂര്യപ്രകാശത്തിലും കൊടുങ്കാറ്റിലും ശാന്തതയിലും നിന്റെ സൗഹൃദം മാറ്റമില്ലാത്തതും എന്റെ വിളക്കും സങ്കീർത്തനവുമല്ലോ നീ." ഈ വിലപ്പെട്ട പുസ്തകം ദൈവികവും ആശ്വാസദായകവുമാണ്. വിശ്വസ്തരായ വിദ്യാർത്ഥികൾക്ക് അതിലെ സന്തോഷം അറിവിറക്കാൻ കഴിയും. നമ്മിൽ നിന്നു ഏറ്റവും നല്ലതു ആവശ്യപ്പെടുന്ന ബൈബിൾ നമുക്കു നല്കുന്നതു വിലപ്പെട്ട സമ്പാദ്യമാകുന്നു.

നമ്മെ രക്ഷിപ്പാനും ശിക്ഷിപ്പാനും കഴിവുള്ളതു ദൈവത്തിനു മാത്രമാണ്. വെല്ലുവിളി പരീക്ഷണമാണെന്ന് ഓർക്കുക. പരീക്ഷ ജയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ. മതപരമായ വെല്ലുവിളി സ്വീകരിക്കയും അതിനെ തരണം ചെയ്യുവാൻ ദൈവവഴിയിൽ ഉറച്ചു നില്ക്കുകയും ചെയ്യുക എന്നതാണ് ഒരു ഉത്തമ ക്രിസ്ത്യാനി ചെയ്യേണ്ടത്.

# വാർത്തകൾ

## നാഷനൽ ഇൻഷുറൻസ് കമ്പനിയിൽ 153 ഒഴിവ്

സർക്കാർ സ്ഥാപനമായ നാഷനൽ ഇൻഷുറൻസ് കമ്പനിയിൽ സ്പെഷലിസ്റ്റ്, ജനറലിസ്റ്റ് വിഭാഗങ്ങളിലായി അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ തസ്തികയിലെ 153 ഒഴിവുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്പെഷലിസ്റ്റ് വിഭാഗത്തിൽ 103 ഒഴിവും ജനറലിസ്റ്റ് വിഭാഗത്തിൽ 50 ഒഴിവുമാണുള്ളത്.

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 21.

✱

## കുസാറ്റിൽ അസിസ്റ്റന്റ് ആകാൻ അവസരം

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്) അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. നേരിട്ടുള്ള നിയമനം.

പരസ്യത്തീയതി: 18/12/2008. പരസ്യനമ്പർ: Ad.A1/Rectt./Assts./2008.പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 24.

തസ്തിക: അസിസ്റ്റന്റ്

യോഗ്യത: അംഗീകൃത സർവ്വകലാശാല ബിരുദം.

കമ്പ്യൂട്ടർ പരിജ്ഞാനം അഭികാമ്യം.

ശമ്പളനിരക്ക്: 7990 – 12930 രൂപ.

പ്രായപരിധി: 18–35 വയസ്. 01/01/2008 അടിസ്ഥാനമാക്കി പ്രായം കണക്കാക്കും.

ഒഴിവുകൾ: നിലവിൽ 60–ലേറെ ഒഴിവുകൾ. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതുവരെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്കും നിയമനം നടത്തും.

✱

## കടുവയെപ്പിടിച്ച കിടുവ

വലിയൊരു ബിസിനസ് സ്കൂളിൽ നടന്ന കഥ കേൾക്കുക. മുതിർന്ന നാലു വിദ്യാർത്ഥികൾ ക്യാംപസിനു പുറത്തുപോയി രാവേറെ ചെല്ലും വരെ ആഘോഷങ്ങളിലേർപ്പെട്ടു. പിറ്റേന്നുള്ള ടെസ്റ്റിന് ഒന്നും പഠിക്കാൻ കഴിഞ്ഞില്ല. ബുദ്ധിമാന്മാരായ വിദ്യാർത്ഥികൾ രാവിലെ ഒരു ഉപായം ആസൂത്രണം ചെയ്തു. നാൽവരും മുഷിഞ്ഞ വേഷവും കൈ നിറയെ ഗ്രീസുമായി ആകെ തളർന്നു ക്ഷീണിച്ച മട്ടിൽ പ്രൊഫസറുടെ മുന്നിലെത്തി. ഒരു വിവാഹ സൽക്കാരത്തിൽ പങ്കെടുക്കാൻ രാത്രിയിൽ പോയിരുന്നു. മടങ്ങി വരവേ രാത്രിയിൽ വിജനമായ വഴിയിൽ വച്ച് ഒരു ടയർ പൊട്ടി. സ്റ്റെപ്പിനി ടയർ ഇല്ലായിരുന്നു. ഒരു വിധത്തിൽ കിലോമീറ്ററുകളോളം കാർ തള്ളി കഷ്ടപ്പെട്ടു പുലർന്നപ്പോഴാണ് മടങ്ങിയെത്തിയത്. പഠിക്കാൻ കഴിയാത്തതിനാൽ ഇന്നു ടെസ്റ്റെഴുതാൻ വയ്യ. ഇളവു തരണം - എന്ന രീതിയിൽ അപേക്ഷിച്ചു.

✱

## എല്ലാ ഭക്ഷണശാലകൾക്കും ഗ്രേഡിങ്ങും പരിശോധനയും

ആഹാരത്തിന്റെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തെ ഭക്ഷണശാലകൾക്കു ഗ്രേഡിങ് സമ്പ്രദായം വരുന്നു. കേന്ദ്ര സർക്കാരിന്റെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണു ഭക്ഷണശാലകൾക്കു ഗ്രേഡിങ് ഏർപ്പെടുത്തുക. ഹോട്ടലുകൾ, ചെറിയ ഭക്ഷണശാലകൾ, ജ്യൂസ് പാർലറുകൾ എന്നിവയെല്ലാം ഇതിന്റെ പരിധിയിൽ വരുമെന്ന് എഫ്എസ്എസ്എഐ ചെയർമാൻ പി.ഐ. സുവ്രതൻ പറഞ്ഞു. 2010-നു മുൻപായി എല്ലാ സംസ്ഥാനങ്ങളിലും പദ്ധതി പ്രാവർത്തികമാക്കും. എ, ബി, സി, ഡി എന്നീ നാലു ഗ്രേഡുകളാണുണ്ടാകുക. ലഭിക്കുന്ന ഗ്രേഡുകൾ ഹോട്ടലുകൾക്കു മുന്നിൽ പ്രദർശിപ്പിക്കണം.

✱

## ഗാസ ആക്രമണം: മരണം 370

ഇസ്രയേൽ തുടരുന്ന നിഷ്ഠൂരമായ വ്യോമാക്രമണത്തിൽ ഇന്നലെ 10 പലസ്തീൻകാർ കൂടി കൊല്ലപ്പെട്ടു. ഹമാസ് പോരാളികളും സാധാരണക്കാരും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു. വടക്കൻ ഗാസയിൽ സഹോദരങ്ങളായ ബാലികമാരും കൊല്ലപ്പെട്ടിട്ടുണ്ട്. അഭയാർത്ഥി ക്യാംപിൽ മിസൈൽ പതിച്ച് ഏഴു പേരും മരിച്ചു.

*

## കേരളനടനത്തിൽ എല്ലാവർക്കും എ ഗ്രേഡ്

സംസ്ഥാന സ്കൂൾ യുവജനോൽസവത്തിൽ ഹയർ സെക്കൻഡറി വിഭാഗം കേരള നടനത്തിൽ മൽസരിച്ച 17 പേർക്കും എ ഗ്രേഡ് ലഭിച്ചു. ആദ്യ മൂന്നു സ്ഥാനം നേടിയവർ: ടി. ശാരിക, പുളിയപ്പറമ്പ് എച്ച് എസ് എസ്, പാലക്കാട്; എസ് ശ്രീദേവി, ഹോളി ഏയ്ഞ്ചൽസ് എച്ച്എസ്എസ്, തിരുവനന്തപുരം; പൂജ അന്ന രാജു, എസ്എൻഡിപി എച്ച്എസ്എസ്, മൂവാറ്റുപുഴ, എറണാകുളം.

*

## ബിരുദ വിദ്യാർത്ഥികൾക്ക് കേന്ദ്ര സ്കോളർഷിപ്പ്

മാനവ വിഭവശേഷി മന്ത്രാലയം കോളജ്, സർവകലാശാല വിദ്യാർത്ഥികൾക്കു നൽകുന്ന കേന്ദ്ര സെക്ടർ സ്കോളർഷിപ്പിനു കേരള സ്റ്റേറ്റ് ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി പരീക്ഷ ജയിച്ചവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. 2008 മാർച്ചിൽ പ്ലസ്.ടു ജയിച്ചവരും (സിബിഎസ്ഇ, ഐസിഎസ്ഇ ഒഴികെ) 2008-09ൽ ബിരുദ കോഴ്സിനു ഒന്നാം വർഷം പഠിക്കുന്നവരുമായിരിക്കണം.

*

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

# HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| Hindi | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| Malayalam | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, Church of christ Thampuranmukku, Trivandrum-35 |
| Tamil | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| Telugu | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

## CHURCHES OF CHRIST

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 January**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11
Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378